# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.08.2026**

## പ്രധാനവാർത്തകൾ

1. ഇന്ന് ദേശീയ ബഹിരാകാശ ദിനം. വികസിത ഭാരതമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ ബഹിരാകാശ മേഖല നിർണായക പങ്കു വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് കായിക മന്ത്രിമാരുടെ യോഗം ഇന്ന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത്.
3. തലസ്ഥാന നഗരി ഇന്ന് മുതൽ ഓണപ്രഭയിൽ; വൈദ്യുത ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ കർമം മന്ത്രി കെ.മുരളീധരൻ നിർവഹിക്കും. ഓണം വാരാഘോഷം മുഖ്യമന്ത്രി വി.ഡി സതീശൻ നാളെ നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും.
4. പ്രവാസി ക്ഷേമനിധി പെൻഷൻ വിതരണത്തിന് 32 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ.
5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത; ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധന ത്തിന് വിലക്ക്.

RNU TVPM

6. **അണ്ടർ-20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പ് 68 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മാനസി ലാതറിന് വെള്ളി മെഡൽ.**

## ബഹിരാകാശ ദിനം (ഇൻട്രോ)

ഇന്ന് ദേശീയ ബഹിരാകാശ ദിനം. 2023 ഓഗസ്റ്റ് 23-ന് ഇന്ത്യയുടെ ചന്ദ്രയാൻ-3 പേടകം ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി ഇറങ്ങിയതിന്റെ സ്മരണാർത്ഥമാണ് എല്ലാവർഷവും ദേശീയ ബഹിരാകാശ ദിനാചരണം സംഘടിപ്പിക്കുന്നത്. ബഹിരാകാശ മേഖലയിൽ ഇന്ത്യ ആഗോള നേതൃനിരയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ സന്ദേശത്തിൽ പറഞ്ഞു. 2047-ഓടെ വികസിത രാജ്യമായി മാറുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ ബഹിരാകാശ മേഖല നിർണായക പങ്ക് വഹിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ISRO യുടെ നേതൃത്വത്തിൽ അഹമ്മദാബാദിൽ മൂന്നാമത് ദേശീയ ബഹിരാകാശ ദിനാഘോഷം സംഘടിപ്പിച്ചു. ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിൽ ഡോ. വിക്രം സാരാഭായിയുടെ സംഭാവനകൾ ഏറെ വലുതാണെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത് അഭിപ്രായപ്പെട്ടു. 2035 ഓടെ ഇന്ത്യയ്ക്ക് സ്വന്തമായി ബഹിരാകാശ നിലയം സജ്ജമാകുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു.
( വോയിസ്....)

RAJU TVPM

## ബ്രിക്സ് സ്പോർട്സ് മന്ത്രിമാർ- യോഗം

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന ബ്രിക്സ് കായിക മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അധ്യക്ഷത വഹിക്കുന്നു. യുവജനകാര്യ-കായിക സഹമന്ത്രി രക്ഷ ഖഡ്സെയും യോഗത്തിൽ സംബന്ധിക്കുന്നുണ്ട്. 11 അംഗരാജ്യങ്ങളിലെ മന്ത്രിമാരും പ്രതിനിധികളും പങ്കെടുക്കും.

## പതാക ഘോഷയാത്ര

സംസ്ഥാനം ഓണാഘോഷനിറവിൽ. വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഓണം വാരാഘോഷത്തിനു മുന്നോടിയായി കോവളത്ത് നിന്ന് ആരംഭിച്ച പതാക ഘോഷയാത്ര ഇന്ന് കനകക്കുന്നിൽ സമാപിക്കും. വൈകിട്ട് അഞ്ചിന് മന്ത്രി പി.സി വിഷ്ണുനാഥ് ഓണപ്പതാക ഉയർത്തും. ഫുഡ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം മന്ത്രി സി.പി ജോണും നഗരത്തിലെ വൈദ്യുത ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ കർമം മന്ത്രി കെ.മുരളീധരനും നിർവഹിക്കും. ശശി തരൂർ എംപി, നഗരസഭ മേയർ വി.വി രാജേഷ്, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും.

## ഓണം വാരാഘോഷം

ഇത്തവണത്തെ ഓണം വാരാഘോഷം നാളെ വൈകിട്ട് 5.30 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരം കുഞ്ചാക്കോ ബോബൻ വിശിഷ്ടാതിഥിയാകുന്ന ചടങ്ങിൽ, മന്ത്രിമാരായ പി സി വിഷ്ണുനാഥ്, കെ.മുരളീധരൻ, സി.പി ജോൺ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, നഗരസഭ മേയർ വി.വി രാജേഷ്, ശശി തരൂർ എംപി തുടങ്ങിയവർ പങ്കെടുക്കും. ഈ മാസം 30 വരെ നടക്കുന്ന ഓണം വാരാഘോഷത്തിൽ തലസ്ഥാനത്ത് മാത്രം 35 വേദികളിലായി 340 ലേറെ കലാപരിപാടികളാണ് അരങ്ങേറുക. സമാപനച്ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പങ്കെടുക്കും.

RNUTVPM

## ആറന്മുള ജലോത്സവം

ഇത്തവണത്തെ ആറന്മുള ഉത്രട്ടാതി ജലോത്സവത്തിലും ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ വിശിഷ്ടാതിഥിയാകും. ഈ മാസം 30 നാണ് ഉത്രട്ടാതി വള്ളംകളി.

## ശബരിമല

ഓണം പൂജയ്ക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് തുറക്കും. ഈ മാസം 28 വരെയാണ് ഓണം പൂജകൾ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

## കണ്ണൂർ ഓണം - (ഇൻട്രോ)

ഓണം വാരാഘോഷത്തിന് കണ്ണൂരിൽ ഇന്ന് തുടക്കമാകും. വാരാഘോഷ ത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**
(വോയ്സ്)

## മന്ത്രി കെ മുരളീധരൻ

ഓണം ലഹരിമുക്തവും സമാധാനപരവുമാകാൻ ജാഗ്രത പാലിക്കണ മെന്ന് മന്ത്രി കെ മുരളീധരൻ. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനായി രൂപീകരിച്ച ജില്ലാതല സമിതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെയോ എക്സൈസ് ഉദ്യോഗസ്ഥരെയോ വിവരം അറിയിക്കണ മെന്നും മന്ത്രി പറഞ്ഞു.

## വിളംബര ജാഥ - കോഴിക്കോട്

കോഴിക്കോട് ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായ വിളംബര ജാഥ ഇന്ന് വൈകീട്ട് മൂന്നിന് ആരംഭിക്കും. കോഴിക്കോട് ബീച്ചിലെ രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ജാഥ ആരംഭിക്കും. അതേസമയം, ഓണാഘോഷങ്ങ ളുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ പ്രത്യേക ഗതാഗത നിയന്ത്രണങ്ങളും പാർക്കിങ് ക്രമീകരണങ്ങളും ഏർപ്പെടുത്തി. സൗത്ത് ബീച്ച് മുതൽ ഗാന്ധി റോഡ് ജംഗ്ഷൻ വരെയുള്ള റോഡരികിലെ പാർക്കിങ് പൂർണ മായും നിരോധിച്ചിട്ടുണ്ട്.

PNU TVPM

## റേഷൻ കട

ഓണത്തോടനുബന്ധിച്ച് ഇന്നും ചൊവ്വാഴ്ചയും റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കും. പകരം ഈ മാസം 27, സെപ്തംബർ 2 തീയതികളിൽ റേഷൻ കടകൾ അവധിയായിരിക്കും.

## പ്രവാസി ക്ഷേമ പെൻഷൻ

പ്രവാസി ക്ഷേമനിധി പെൻഷൻ വിതരണത്തിന് 32 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ . ധനവകുപ്പ്, തുക ലഭ്യമാക്കിയതോടെ ഓണത്തിന് മുന്നോടിയായി പെൻഷൻ തുക പ്രവാസികളുടെ ബാങ്ക് അക്കൗണ്ടുകളി ലെത്തും. കുടിശിക തുക അനുവദിക്കാനുള്ള നടപടികൾ വേഗത്തിലാക്കാനും മുഖ്യമന്ത്രി നിർദേശം നൽകിയിരുന്നു.

RNUTVPM

## ദ്വിദ്വിന പരിശീലനം

സംസ്ഥാന മന്ത്രിസഭാ അംഗങ്ങൾക്ക് കോഴിക്കോട് ഐ ഐ എമ്മിൽ ദ്വിദ്വിന പരിശീലനം നൽകും. ഭരണമികവും മാനേജ്മെന്റ് വൈദഗ്ധ്യവും ഉറപ്പാക്കുകയാണ് ലക്ഷ്യം. അടുത്തമാസമായിരിക്കും പരിശീലനം. 2011-2016 മന്ത്രി സഭയുടെ കാലത്തും കോഴിക്കോട് ഐ ഐ എമ്മിൽ, മന്ത്രിസഭാ അംഗങ്ങൾക്ക് പരിശീലനം നൽകിയിരുന്നു.

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് (ഇൻട്രോ)

സപ്ലൈക്കോ സംഭരിക്കുന്ന നെല്ല്, മില്ലുകളിൽ തന്നെ സൂക്ഷിക്കുന്നത് ഒഴിവാക്കാൻ സംസ്ഥാനത്ത് 5 ഗോഡൗണുകൾ സജ്ജമാക്കും. ഇതിനായി വെയർ ഹൌസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ വാടകയ്ക്ക് എടുക്കാ നാണ് സർക്കാർ നീക്കം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ല പ്രതിനിധി ഫൈസൽ അലി മുത്ത്.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഗുസ്തി മെഡൽ

സ്ലോവാക്യയിൽ നടക്കുന്ന അണ്ടർ-20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മികച്ച പ്രകടനം. 68 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മാനസി ലാതർ വെള്ളി മെഡൽ നേടി. തൻവി ഗുണ്ടേഷ് മഗ്ദും, കോമൾ എന്നിവർക്ക് വെങ്കല മെഡലും ലഭിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വോളിബോൾ ചാമ്പ്യൻഷിപ്പ്

സംസ്ഥാന കായിക വകുപ്പ് സംഘടിപ്പിച്ച കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ പാലാ സെന്റ് തോമസ് കോളേജ് കിരീടം ചൂടി. മാവേലിക്കര ബിഷപ്പ് മൂർ കോളേജിനെ ഒന്നിനെതിരെ മൂന്ന് സെറ്റു കൾക്ക് തോൽപ്പിച്ചാണ് പാലാ ചാമ്പ്യന്മാരായത്. ഇന്നലെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സമാപന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് റെയിൽവേ

പാലക്കാട് റെയിൽവേ ഡിവിഷന് കീഴിലുള്ള മംഗളൂരു - ഉള്ളാൾ മേഖലയെ മൈസൂരു ഡിവിഷനിലേക്ക് മാറ്റാനുള്ള ഉത്തരവിനെതിരെ യു.ഡി.എഫ് എം.പിമാർ തിരുവോണ നാളിൽ പാലക്കാട് ഡി.ആർ.എം ഓഫീസിന് മുന്നിൽ സത്യാഗ്രഹം സംഘടിപ്പിക്കും. എം.പിമാരായ എം കെ രാഘവൻ, ഇടി.മുഹമ്മദ് ബഷീർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ച താണിത്. റെയിൽവേ ബോർഡിന്റെ ഉത്തരവ് അടിയന്തരമായി പിൻവലിക്കണമെന്ന് കാസർകോട് ജില്ലാ വികസന സമിതിയും ആവശ്യപ്പെട്ടു.

## ഇടമലക്കുടി

ഇടുക്കി ഇടമലക്കുടിയിൽ നിന്നും രോഗിയെ ചുമന്ന് ആശുപത്രിയിൽ എത്തിച്ചു. കടുത്ത പനിയെ തുടർന്ന് കീഴ് വലയംപാറകുടി സ്വദേശി രാജാത്തിയെയാണ് നാല് കിലോമീറ്റർ ചുമന്ന് ഇടമലക്കുടിയിലെ ആശുപത്രിയിലെത്തിച്ചത്. കഴിഞ്ഞ ദിവസങ്ങളിലും ഇടമലകുടിയിൽ നിന്നും രോഗികളെ ചുമന്ന് ആശുപത്രിയിൽ എത്തിച്ചിരുന്നു.

RNU TVPM

## വാല്മീകി രാമായണം-പ്രകാശനം

അധ്യാപകനും കവിയുമായ കണ്ണൂർ തലശ്ശേരിയിലെ എ. സുഗുണൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ, വാല്മീകി രാമായണം - സമ്പൂർണ്ണ പദ്യപരിഭാഷ, ഇന്ന് പ്രകാശനം ചെയ്യും. വൈകിട്ട് തലശ്ശേരി ബ്രണ്ണൻ ഹയർ സെക്കന്ററി ഓഡിറ്റോറിയത്തിൽ സാഹിത്യകാരൻ എം.എൻ. കാരശ്ശേരി പ്രകാശന കർമ്മം നിർവ്വഹിക്കും. പ്രശസ്ത കഥാകാരൻ വി.ആർ.സുധീഷ് വിശിഷ്ടാതിഥിയായിരിക്കും.